Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യു എ/JB/E6(B)/8122/2011

തീയതി: 26.01.2021

**സർക്കുലർ**

വിഷയം:- കെഡബ്ല്യൂഎ - എസ്റ്റാ - 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ - ഭൂസ്വത്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് 2020 ലെ പത്രിക ഓൺലൈൻ (ഇൻറ്റർനെറ്റ്) മുഖേന സമർപ്പിക്കുന്നത് - ഉത്തരവിൽ വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1. നം.630/എസ്.സി1 / പൊ.ഭ.വ/(എസ്.സി) തീയതി 05.01.2021.
2.20.01.2021 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37 പ്രകാരവും സൂചന (1) ൽ പറയുന്ന വിജ്ഞാപന പ്രകാരവും പാർട്ട്-ടൈം കണ്ടിജൻറ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും ഓരോ വർഷവും ജനുവരി 15 നകം മുൻവർഷാവസാനത്തിൽ അവരുടെ കൈവശത്തിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്താലോ ആർജ്ജിച്ചിട്ടുള്ളതുമായ സ്ഥാവര ജംഗമ വസ്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് ഓരോ പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്.

പത്രികാ സമർപ്പണം സംബന്ധിച്ച ഈ ഓഫീസിലെ 16.12.2020 തീയതിയിലെ ഇതേ നമ്പർ സർക്കുലറിന് തുടർച്ചയായി സൂചന (2) പ്രകാരം പത്രികാ സമർപ്പണത്തിനുള്ള തീയതി 2021 ജനുവരി 31 വരെ നീട്ടി നൽകിയിട്ടുണ്ട്.എന്നാൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ പത്രിക സമർപ്പിക്കേണ്ടതുണ്ടോ എന്ന് നിരവധി പേർ സംശയമുന്നയിക്കുന്നതിനാൽ, 16.12.2020 തീയതിയിലെ സർക്കുലറിൽ പരാമർശിക്കപ്പെട്ട 'ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ ഒഴികെ ' എന്നത് 'പാർട്ട്-ടൈം കണ്ടിജൻറ് ജീവനക്കാർ ഒഴികെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ ഉൾപ്പടെ മറ്റെല്ലാജീവനക്കാരും' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

ഈ വർഷത്തെ പത്രികാ സമർപ്പണം ഓൺലൈൻ മുഖേന 2021 ജനുവരി 31 ന് പൂർത്തിയാക്കേണ്ടതാണ് എന്ന് ഇതിനാൽ അറിയിക്കുന്നു.

Madhusoodana Kumar S
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1.എല്ലാ ഓഫീസ് മേധാവികർക്കും - ജീവനക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്യുന്നതിന്.
2.നോഡൽ ഓഫീസർ G SPARK.
3.ഔദ്യോഗിക വെബ്സൈറ്റ്.

Draft #6 of File KWA/JB/E6(B)/8122/2011 Approved by Senior Administrative Officer on 26-Jan-2021 03:45 PM - Page 1

The document is digitally approved. Hence signature is not needed.